നം. CA/3/Prl/RIT/2017

പ്രിൻസിപ്പലിൻെറ കാര്യാലയം
രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
കോട്ടയം, തീയതി: 01.11.2017

## നോട്ടീസ്

ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനപരമോ വ്യക്തിപരമോ സാമൂഹ്യപരമോ ആയ ഏത് ആവശ്യങ്ങളും ആവലാതികളും ഉന്നയിക്കാനും, പ്രശ്നപരിഹാരം തേടുന്നതിനും ഏതുസമയത്തും സ്റ്റാഫ് അഡ്വൈസർമാരെയോ, വകുപ്പുമേധാവികളേയോ ബന്ധപ്പെടാവുന്നതാണ്. കൂടാതെ കോളേജ് കൗൺസിലിൻെറ നിർദ്ദേശം അനുസരിച്ച് താഴെ പേരുകൊടുത്തിട്ടുള്ള സീനിയർ അദ്ധ്യാപകർ പഠനകാര്യങ്ങളിലും പഠനേതരവിഷയങ്ങളിലും വിദ്യാർത്ഥികളെ സഹായിക്കാനുള്ള അധികചുമതലകൾ നിർവ്വഹിച്ചുവരുന്നുമുണ്ട്.

1. ഡോ. എം.എസ് ജയമോഹനൻ (പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്) - ഡീൻ, (പി.ജി സ്റ്റഡീസ്)
2. പ്രൊഫ. ഗീതാരഞ്ജിൻ പി.ആർ (പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) - ഡീൻ, (യു.ജി സ്റ്റഡീസ്)
3. ഡോ. സതീഷ്കുമാർ സി (പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) - ഡീൻ, (സ്റ്റുഡൻറ് അഫയേഴ്സ്)
4. ഡോ. ശോഭന എൻ.വി (പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്) - പി.എച്ച്.ഡി കോ-ഓർഡിനേറ്റർ
5. പ്രൊഫ. കവിത എൻ (അസ്സോസിയേറ്റ് പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്) - ചെയർപേഴ്സൺ, ഗ്രീവൻസ് റിഡ്രസ്സൽ സെൽ
6. പ്രൊഫ. റിസ്വാനബായ് ജെ (അസ്സോസിയേറ്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) - കോ-ഓർഡിനേറ്റർ, കൗൺസിലിംഗ് സെൽ

വിദ്യാർത്ഥികളുടെ എല്ലാവിധ പ്രശ്നങ്ങളും ആവശ്യങ്ങളും പരാതികളും കേൾക്കാനും പരിഹരിക്കാനുമുദ്ദേശിച്ചുള്ള മേൽപ്പറഞ്ഞ നിലവിലുള്ള വ്യവസ്ഥാപിത സംവിധാനങ്ങൾ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

പരാതികൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥാപിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതെ, ഈ സ്ഥാപനത്തിലെ അധ്യാപകരെയും മറ്റ് ഉദ്യോഗസ്ഥരെയും അപകീർത്തിപ്പെടുത്തുന്ന പരസ്യബോർഡുകളും പോസ്റ്ററുകളും ലഘുലേഖകളും കോളേജ് ക്യാമ്പസിൽ പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾ അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കുമെതിരെ വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുന്നതും, അപകീർത്തിവരുത്തുന്ന പ്രചരണങ്ങളിൽ ഏർപ്പെടുന്നതും നിർഭാഗ്യകരവും നിരാശാജനകവുമാണ്. ആയതിനാൽ ആർ.ഐ.റ്റി-യുടെ ഖ്യാതിയും പ്രശസ്തിയും അഭിമാനവും സംരക്ഷിക്കപ്പെടാനും, ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി സൗഹൃദ ക്യാമ്പസ്സായി ഈ ക്യാമ്പസ്സ് തുടരുന്നതിനുമായി, അനഭിലഷണീയമായ പ്രവൃത്തികളിൽ നിന്നും വിദ്യാർത്ഥികളും, സംഘടനകളും വിട്ടുനിൽക്കണമെന്ന് നിർദ്ദേശിക്കുന്നു.

പ്രിൻസിപ്പാൾ

പകർപ്പ്:

(1) എല്ലാ വകുപ്പുമേധാവികൾക്കും (ക്ലാസ്സുകളിൽ വായിക്കുന്നതിനു വേണ്ടി)

(2) വിദ്യാർത്ഥികളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്

(3) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

RAJIV GANDHI INSTITUTE OF TECHNOLOGY
GOVT OF KERALA
KOTTAYAM-686 501